# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 42 — 10/03/2015-ൽ മറുപടിക്ക്

## ആദിവാസി മേഖലയിൽ കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങളും ശിശുമരണങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ :<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. ജി. സുധാകരൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയിൽ കണ്ടുവരുന്ന പോഷകാഹാരകുറവും കൂട്ട ശിശുമരണങ്ങളും, നിലവിലും പരിഹരിക്കുന്നതിന് സാദ്ധ്യമാകുന്നില്ല എന്നും, ഇത്തരം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഈ മേഖലയിൽ നിലനിൽക്കുന്നതായുമുള്ള പഠന റിപ്പോർട്ടുകളിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (എ) | ആദിവാസി മേഖലയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ട് വരുന്ന പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിക്കുകയും ശിശുമരണ നിരക്ക് ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്. തുടർന്നും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആരോഗ്യ പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ ജാഗ്രത പുലർത്തുന്നതാണ്. |
| (ബി) | ആദിവാസികൾക്ക് ആരോഗ്യ രംഗത്ത് സംരക്ഷണം നൽകുമെന്ന് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പാലിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ആദിവാസി സമൂഹത്തോട് കാണിക്കുന്ന അവഗണന കാരണമാണ് ഇത്തരത്തിൽ ദുരിതങ്ങൾ ആവർത്തിക്കപ്പെടുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ആദിവാസി സമൂഹത്തോട് അവഗണന കാണിക്കുന്നു എന്ന തരത്തിലുള്ള ആക്ഷേപങ്ങൾ അടിസ്ഥാന രഹിതമാണ്. |
| (ഡി) | ആദിവാസി ജനവിഭാഗങ്ങൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | ആദിവാസി ജനവിഭാഗങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, വനം, പോലീസ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ വഴിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രത്യേക ദുർബല വിഭാഗക്കാർക്കുള്ള പ്രത്യേക പാക്കേജ്, അടിയ-പണിയ പാക്കേജ്, ഭക്ഷ്യ സഹായ പദ്ധതി എന്നീ പദ്ധതികൾ പ്രകാരം പോഷകാഹാര വിതരണം ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം ജീവനോപാധി വികസന |

| | | | | |
|---|---|---|---|---|
| | | | | ത്തിന് ആവശ്യമായ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൃഷി, കാലിവളർത്തൽ ആടുവളർത്തൽ തുടങ്ങിയ സ്വയം തൊഴിൽ സംരഭങ്ങൾക്ക് വകുപ്പ് ധനസഹായവും പ്രോത്സാഹനവും നൽകി വരുന്നു. സ്കൂളിൽ ഒന്നാം തരം മുതൽ +2 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ മേഖലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസ സൗകര്യവും ഭക്ഷണവും പ്രദാനം ചെയ്യുന്നു. വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു. ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതോടൊപ്പം ചികിത്സയ്ക്കും പുനരധിവാസത്തിനുമായി ചികിത്സാ ധനസഹായം പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ വഴി നൽകി വരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ജനനീ ജന്മരക്ഷ പദ്ധതിയും അശരണരായ പട്ടികവർഗ്ഗക്കാർക്കു വേണ്ടി കൈതാങ്ങ് പദ്ധതിയും അരിവാൾ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതികളും വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ